## പതിനാലാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2019-2021)

### നാലാമത് റിപ്പോർട്ട്

(2019 നവംബർ മാസം 19-ാം തീയതി സഭയിൽ സമർപ്പിച്ചത്)

## ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സർവ്വകലാശാലകളുടെ വാർഷിക/ആഡിറ്റ് റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിലെ കാലതാമസം സംബന്ധിച്ച റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2019-2021)

## നാലാമത് റിപ്പോർട്ട്

(2019 നവംബർ മാസം 19-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർവ്വകലാശാലകളുടെ വാർഷിക/ആഡിറ്റ് റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിലെ കാലതാമസം സംബന്ധിച്ച റിപ്പോർട്ട്**

410/2020.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| ആമുഖം | .. | ix |
| റിപ്പോർട്ട് | .. | 1-17 |

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

(2019-2021)

**സമിതിയുടെ ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. മോൻസ് ജോസഫ്.

അംഗങ്ങൾ :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. അൻവർ സാദത്ത്

ശ്രീമതി ഗീതാ ഗോപി

ശ്രീ. കെ. ജെ. മാക്സി

ശ്രീ. എം. നൗഷാദ്

ശ്രീ. സജി ചെറിയാൻ

ശ്രീ. പി. കെ. ശശി

ശ്രീ. ഐ. ബി. സതീഷ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി മഞ്ജു വർഗീസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. അബ്ദുൾ നാസർ എം, അണ്ടർ സെക്രട്ടറി.

## മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി(2019-2021)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2019 നവംബർ 18-ാം തീയതി ചേർന്ന സമിതി യോഗം അംഗീകരിച്ചു.

മോൻസ് ജോസഫ്,

തിരുവനന്തപുരം,
2019 നവംബർ 18.

*അദ്ധ്യക്ഷൻ,*
*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി*

# ആമുഖം

ഉന്നതവിദ്യാഭ്യാസം, ഗവേഷണം മുതലായ മേഖലകൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളാണ് സർവ്വകലാശാലകൾ ഭാഷ, സാഹിത്യം, ശാസ്ത്ര-സാങ്കേതിക വിദ്യ, നിയമം, കല തുടങ്ങിയ വിവിധ വിഷയങ്ങളിൽ ബിരുദവും ബിരുദാനന്തര ബിരുദവും ഗവേഷണ ബിരുദവും നൽകുന്ന കലാശാലകളും തൊഴിലധിഷ്ഠിത പഠന കേന്ദ്രങ്ങളും ഉൾപ്പെടെയുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ സർവ്വകലാശാലയിൽ ഉൾക്കൊള്ളുന്നു. ഗുരുക്കന്മാരുടെയും പണ്ഡിതന്മാരുടെയും സമൂഹം എന്നർത്ഥം വരുന്ന "Universitas" എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് University(സർവ്വകലാശാല) എന്ന പദത്തിന്റെ ഉൽപ്പത്തി. ഉന്നതവിദ്യാഭ്യാസത്തിന്റെ ഉന്നമനത്തിലൂടെ ഒരു ക്രിയാത്മക സമൂഹത്തെ വാർത്തെടുക്കുന്നതിൽ സർവ്വകലാശാലകൾ മുഖ്യപങ്ക് വഹിക്കുന്നു.

നമ്മുടെ സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിൽ വരുന്ന കേരള, കോഴിക്കോട്, മഹാത്മാഗാന്ധി, കണ്ണൂർ എന്നീ സർവ്വകലാശാലകളെ കൂടാതെ ശാസ്ത്ര-സാങ്കേതികം, കാർഷികം എന്നീ മേഖലകളിലെ പഠന ഗവേഷണ പ്രവർത്തനങ്ങൾക്കായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൃഷി വകുപ്പിൻ കീഴിൽ കേരള കാർഷിക സർവ്വകലാശാല എന്നിവയും പ്രവർത്തിച്ചുവരുന്നു. കൂടാതെ സംസ്കൃത ഭാഷയുടെയും സാഹിത്യത്തിന്റെയും പഠനത്തിലൂടെയുള്ള സാംസ്കാരിക നവോത്ഥാനം ലക്ഷ്യമാക്കി ശ്രീ. ശങ്കരാചാര്യ സർവ്വകലാശാലയും നിയമ പഠന-ഗവേഷണ രംഗത്തെ പ്രവർത്തനങ്ങൾക്കായി നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസും മലയാള ഭാഷയുടെ പഠനത്തിനും പരിപോഷണത്തിനുമായി തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയും പ്രവർത്തിച്ചുവരുന്നു. സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട നയരൂപീകരണത്തിനും സാങ്കേതിക വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട ആസൂത്രണത്തിനും നേതൃത്വം നൽകുകയെന്ന ലക്ഷ്യത്തോടെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല 2014 മേയ് 21-ന് നിലവിൽ വന്നു.

സർവ്വകലാശാലകൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനിൽ നിന്നും പ്രവർത്തനങ്ങൾക്കാവശ്യമായ ഗ്രാന്റുകൾ ലഭിക്കുന്നുണ്ട്. ഈ ഗ്രാന്റുകൾ സംബന്ധിച്ച വിനിയോഗം ശരിയായി നടത്തിയോ എന്ന് പരിശോധിക്കേണ്ടത് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പാണ്. സംസ്ഥാന സർക്കാരിൽ

നിന്നുൾപ്പെടെ സാമ്പത്തിക സഹായം സ്വീകരിക്കുന്ന സർവ്വകലാശാലകൾ യഥാസമയം വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ ഗവൺമെന്റിൽ സമർപ്പിക്കുകയും ഗവൺമെന്റ് അവ താമസംവിനാ നിയമസഭയിൽ സമർപ്പിക്കുകയും ചെയ്തെങ്കിൽ മാത്രമേ ഗ്രാന്റുകൾ യഥാവിധി വിനിയോഗം ചെയ്തിട്ടുണ്ടോയെന്ന വസ്തുത നിയമസഭാംഗങ്ങൾക്ക് മനസ്സിലാക്കുന്നതിനും പ്രസ്തുത റിപ്പോർട്ടുകളിലുള്ള അപാകതകളും പോരായ്മകളും യഥാസമയം ചൂണ്ടികാണിക്കുന്നതിനും പരിഹാര നിർദേശങ്ങൾ നൽകുന്നതിനും സാധിക്കുകയുള്ളൂ.

സർക്കാർ രേഖകൾ ചട്ടപ്രകാരം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കേണ്ടത് മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ ഉത്തരവാദിത്തങ്ങളിൽ ഉൾപ്പെടുന്നു. എന്നാൽ റിപ്പോർട്ടുകൾ മേശപ്പുറത്തു വയ്ക്കുന്ന കാര്യത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പും സർവ്വകലാശാലകളും വേണ്ടത്ര കാര്യക്ഷമതയും ആത്മാർത്ഥതയും കാണിക്കുന്നില്ല എന്ന് മനസ്സിലായതിന്റെ അടിസ്ഥാനത്തിൽ സമിതി ഉന്നതവിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും സർവ്വകലാശാല അധികൃതരിൽ നിന്നും 23-10-2018-ൽ തെളിവെടുപ്പ് നടത്തുകയുണ്ടായി. പ്രസ്തുത തെളിവെടുപ്പിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന കണ്ടെത്തലുകളും നിഗമനങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

# റിപ്പോർട്ട്

1. കേരള നിയമസഭയുടെ മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതി (2019-2021) സർക്കാരിന്റെ വിവിധ വകുപ്പുകൾ പുറപ്പെടുവിച്ച എസ്.ആർ.ഒ.കൾ, വിജ്ഞാപനങ്ങൾ, വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ തുടങ്ങിയവ നിയമസഭയുടെ നടപടിക്രമങ്ങൾ പാലിച്ച് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിൽ അനുവർത്തിച്ചിട്ടുള്ള സമീപനങ്ങളെക്കുറിച്ച് സസൂക്ഷ്മം വിലയിരുത്തുകയുണ്ടായി. ഒട്ടുമിക്ക വകുപ്പുകളും സ്ഥാപനങ്ങളും രേഖകൾ സഭയിൽ സമർപ്പിക്കുന്നതിലുള്ള കാലതാമസത്തിലൂടെ ഗുരുതരമായ കൃത്യവിലോപമാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് സമിതി നിരീക്ഷിച്ചു. മുൻകാല സമിതികളും നിലവിലുള്ള സമിതിയും നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ റിപ്പോർട്ടുകൾ, കാലതാമസപത്രികകൾ, അധികവിവരം എന്നിവ സമിതിക്ക് സമർപ്പിക്കുന്നതിലുള്ള കാലതാമസം സംബന്ധിച്ച് സർവ്വകലാശാലകളെയും ഉന്നതവിദ്യാഭ്യാസ വകുപ്പിനെയും അറിയിച്ചിരുന്നെങ്കിലും അവയ്ക്ക് തൃപ്തികരമായ മറുപടി തരികയോ, പരിഹാര നടപടികൾ സ്വീകരിക്കുകയോ ഉണ്ടായിട്ടില്ല.

2. കടലാസ്സുകൾ നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിൽ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ചും അതിന്റെ പ്രാധാന്യത്തെ സംബന്ധിച്ചും ഉദ്യോഗസ്ഥ തലത്തിലുള്ള അറിവില്ലായ്മയും ഗൗരവക്കുറവുമാണ് റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കുന്നതിനുള്ള കാലതാമസത്തിനിടയാക്കുന്നതെന്നാണ് സമിതിയുടെ കണ്ടെത്തലുകളിലൊന്ന്. ജോലിയിൽ പ്രവേശിക്കുന്ന സമയത്തുതന്നെ ഇക്കാര്യങ്ങൾ സംബന്ധിച്ച് വ്യക്തമായ ബോധവൽക്കരണവും പരിശീലനവും ഉദ്യോഗസ്ഥർക്ക് നൽകണമെന്ന് ഗവൺമെന്റുതന്നെ നിഷ്കർഷിക്കുകയും അത് സംബന്ധിച്ച് വ്യക്തമായ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അതൊന്നും തന്നെ പാലിക്കപ്പെടാറില്ല എന്നാണ് സമിതി മനസ്സിലാക്കുന്നത്.

3. നിയമസഭാ സമിതിക്ക് സമയോചിതമായി ഇടപെട്ട് ഭരണപരമായ കാര്യങ്ങളിൽ എന്തെങ്കിലും തിരുത്തലുകൾ വരുത്തണമെങ്കിൽ കൃത്യസമയത്ത് വേണ്ട നിർദ്ദേശങ്ങൾ/ശിപാർശകൾ നൽകാൻ കൃത്യമായി റിപ്പോർട്ടുകൾ ലഭിക്കേണ്ടതുണ്ട്. അത് ലഭിക്കാതെ വരുമ്പോൾ സമിതിക്ക് ഫലപ്രദമായി ഇടപെടാൻ സാധിക്കാതെ വരും. സർവ്വകലാശാലകളുടെ വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിച്ചാൽ മാത്രമേ ചർച്ചയ്ക്ക് വിധേയമാക്കി സർക്കാരിന് ഇക്കാര്യത്തിൽ ഇടപെടുന്നതിനും കൂടുതൽ മെച്ചപ്പെട്ട സാമ്പത്തിക സ്ഥിരത സർവ്വകലാശാലകൾക്ക് നേടിക്കൊടുക്കുന്നതിനും കഴിയുകയുള്ളൂ എന്ന വസ്തുതയും ചൂണ്ടിക്കാട്ടാതിരിക്കാൻ കഴിയില്ല. ഇതെല്ലാം കണക്കിലെടുത്താണ് വളരെയേറെ കുടിശ്ശിക റിപ്പോർട്ടുകൾ സമർപ്പിക്കാനുള്ള സർവ്വകലാശാലകളുടെ നിയന്ത്രണമുള്ള ഉന്നതവിദ്യാഭ്യാസ വകുപ്പിൽനിന്നും സമിതി 23-10-2018-ൽ തെളിവെടുപ്പ് നടത്തിയത്.

4. 23-10-2018-ലെ തെളിവെടുപ്പുവരെ വിവിധ സർവ്വകലാശാലകൾ ലഭ്യമാക്കാനുണ്ടായിരുന്ന കുടിശ്ശിക റിപ്പോർട്ടുകൾ/അധിക വിവരം എന്നിവയുടെ സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഫയൽ നമ്പർ | വിഷയം | തെളിവെടുപ്പ് നടത്താനുള്ള കാരണം |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 6572/സിപിഎൽ1/2006/നി.സെ. | സമിതി (2004-2006)യുടെ പതിനൊന്നാമത് റിപ്പോർട്ട് | ഖണ്ഡിക 5, 10, 11, 15, 18, 26 എന്നിവയിലെ ശിപാർശകൾക്ക് മറുപടി ലഭിച്ചിട്ടില്ല |
| 2 | 1445/സിപിഎൽ2/2015/നി.സെ. | സമിതി (2014-2016)യുടെ ആറാമത് റിപ്പോർട്ട് | ഖണ്ഡിക 22, 23, 27, 28, 29, 30, 33, 35, 37, 38, 39, 40, 41, 42, 43 എന്നിവയിലെ ശിപാർശകൾക്ക് മറുപടി ലഭിച്ചിട്ടില്ല |
| 3 | 6562/സിപിഎൽ2/2015/നി.സെ. | ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ 2002-03 മുതൽ 2013-14 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ | അധികവിവരം ലഭ്യമാക്കിയിട്ടില്ല |
| | 6751/സിപിഎൽ2/2015/നി.സെ. | 2003-04 മുതൽ 2011-12 വരെയുള്ള വാർഷിക കണക്കുകൾ | അധികവിവരം ലഭ്യമാക്കിയിട്ടില്ല |
| | 6752/സിപിഎൽ2/2015/നി.സെ. | 2003-04 മുതൽ 2011-12 വരെയുള്ള വാർഷിക ഓഡിറ്റ് റിപ്പോർട്ടുകൾ | (2012-13 മുതലുള്ള വാർഷിക കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും 2014-15 മുതലുള്ള വാർഷിക റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച തെളിവെടുപ്പ് നടത്തുവാൻ തീരുമാനിച്ചു) |
| 4 | 2864/സിപിഎൽ2/2013/നി.സെ. | കൊച്ചിശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ 2008-09, 2009-10 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ | അധികവിവരം ലഭ്യമാക്കിയിട്ടില്ല (2013-14 മുതലുള്ള വാർഷിക കണക്കുകളും 2016-17 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടും വാർഷിക റിപ്പോർട്ടുകളും കുടിശ്ശികയാണ്) |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | 2430/സിപിഎൽ2/2011/നി.സെ.<br>4841/സിപിഎൽ2/2012/നി.സെ.<br>4842/സിപിഎൽ2/2012/നി.സെ. | കോഴിക്കോട് സർവ്വകലാശാലയുടെ 2007-08 മുതൽ 2010-11 വരെയുള്ള വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ | അധികവിവരം ലഭ്യമാക്കിയിട്ടില്ല |
| 6 | 651/സിപിഎൽ2/2015/നി.സെ. | മഹാത്മാഗാന്ധി സർവ്വകലാശാലയുടെ 2010, 2011, 2012 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ | അധികവിവരം ലഭ്യമാക്കിയിട്ടില്ല |
| 7 | 2968/സിപിഎൽ2/2015/നി.സെ. | കണ്ണൂർ സർവ്വകലാശാലയുടെ 2006-07 മുതൽ 2011-2012 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ | അധികവിവരം ലഭ്യമാക്കിയിട്ടില്ല |
| 8 | 4090/സിപിഎൽ2/2018/നി.സെ. | കേരള സർവ്വകലാശാലയുടെ 2017-ലെ വാർഷിക റിപ്പോർട്ട് | കാലതാമസപത്രിക ലഭ്യമാക്കിയിട്ടില്ല |
| 9 | 4946/സിപിഎൽ2/2017/നി.സെ. | കേരള സർവ്വകലാശാലയുടെ 2014-15-ലെ വാർഷിക കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും | കാലതാമസപത്രിക ലഭ്യമാക്കിയിട്ടില്ല (2012-13 മുതലുള്ള വാർഷിക കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിച്ചിട്ടില്ല) |
| 10 | 6617/സിപിഎൽ2/2015/നി.സെ. | തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാലയുടെ 2013-14-ലെ ഓഡിറ്റ് റിപ്പോർട്ട് | കാലതാമസപത്രിക ലഭ്യമാക്കിയിട്ടില്ല 2016-17-ലെ ആഡിറ്റ് റിപ്പോർട്ടും 2017-18-ലെ വാർഷിക റിപ്പോർട്ടും ലഭ്യമാക്കാനുണ്ട് |
| 11 | 703/സിപിഎൽ2/2017/നി.സെ. | മഹാത്മാഗാന്ധി സർവ്വകലാശാലയുടെ 2011-12, 2012-13 എന്നീ വർഷങ്ങളിലെ വാർഷിക കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും | കാലതാമസപത്രിക ലഭ്യമാക്കിയിട്ടില്ല 2015-16 മുതലുള്ള റിപ്പോർട്ടുകൾ ലഭ്യമാക്കിയിട്ടില്ല |
| 12 | 3106/സിപിഎൽ2/2017/നി.സെ. | കോഴിക്കോട് സർവ്വകലാശാലയുടെ 2015-16-ലെ വാർഷിക കണക്കുകൾ | കാലതാമസപത്രിക ലഭ്യമാക്കിയിട്ടില്ല 2009-10 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ ലഭ്യമാക്കിയിട്ടില്ല |

| 1 | 2 | 3 | 4 |
|---|---|---|---|
| 13 | 342/സിപിഎൽ2/ 2018/നി.സെ. | കണ്ണൂർ സർവ്വകലാശാലയുടെ 2016-17-ലെ വാർഷിക കണക്കുകൾ | കാലതാമസപത്രിക ലഭ്യമാക്കിയിട്ടില്ല |
| 14 | .. | നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിന്റെ 2005-06 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ, 2017-18-ലെ വാർഷിക റിപ്പോർട്ടുകൾ | ഏറെ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ ലഭ്യമാക്കാത്തതിനാൽ തെളിവെടുപ്പ് നടത്താൻ തീരുമാനിച്ചു. |
| 15 | ,, | എ. പി. ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല | 2014-ൽ നിലവിൽ വന്നെങ്കിലും ഒരു റിപ്പോർട്ട് പോലും സഭയിൽ സമർപ്പിക്കാത്ത സാഹചര്യത്തിൽ തെളിവെടുപ്പ് നടത്താൻ തീരുമാനിച്ചു. |

5. റിപ്പോർട്ടുകൾ മേശപ്പുറത്ത് വയ്ക്കുന്നതിൽ ഗുരുതര വീഴ്ച വരുത്തിയ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ നടപടിയിൽ സമിതി അങ്ങേയറ്റത്തെ അതൃപ്തിയും നീരസവും തെളിവെടുപ്പ് യോഗത്തിൽ പ്രകടിപ്പിക്കുകയും രേഖകൾ സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തരുതെന്നും കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കണമെന്നും നിർദ്ദേശിക്കുകയും ചെയ്തു.

6. കമ്പനികൾ, സ്വയംഭരണ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ തുടങ്ങിയവയുടെ വാർഷിക റിപ്പോർട്ടുകൾ ഒരു സാമ്പത്തിക വർഷം അവസാനിച്ച് 9 മാസത്തിനകം സഭയിൽ സമർപ്പിക്കണമെന്നും കാലതാമസം ഉണ്ടാകുന്നപക്ഷം 30 ദിവസത്തിനകം ഡിലേ സ്റ്റേറ്റ്മെന്റുകൾ സഹിതം റിപ്പോർട്ടുകൾ ലഭ്യമാക്കണമെന്നുമാണ് നിലവിലെ ചട്ടമെന്നും സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ അവരുടെ ആക്ടുമായി ബന്ധപ്പെട്ട് എന്തെങ്കിലും ഇളവുകളുണ്ടെങ്കിൽ അത് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നും യോഗത്തിൽ സമിതി നിർദ്ദേശിച്ചു ധനവിനിയോഗത്തിലും ഭരണപരമായ കാര്യങ്ങളിലും സ്വീകരിച്ച നടപടികൾ യഥാസമയം നിയമസഭയെ അറിയിക്കാൻ കഴിയുന്നില്ല എന്നുള്ളത് ഗുരുതരമായ കൃത്യവിലോപമാണെന്നും വകുപ്പിലെ ഉദ്യോഗസ്ഥരും സർവ്വകലാശാല അധികൃതരും കാര്യങ്ങൾ നിസ്സാരമായി കാണുന്നത് ഗുരുതരമായ വീഴ്ചയാണെന്നും റിപ്പോർട്ടുകൾ ഇത്രയേറെ കുടിശ്ശികയാക്കിയതിന്

നിലവിലുള്ള ഉദ്യോഗസ്ഥരെ മാത്രം കുറ്റപ്പെടുത്തുന്നത് ഉചിതമല്ലെങ്കിലും ഇക്കാര്യങ്ങൾ സമയോചിതമായ ഇടപെടലിലൂടെ പരിഹരിക്കാൻ നിലവിലെ ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി ഇക്കാര്യത്തിൽ ശക്തമായ നിലപാട് സ്വീകരിക്കണമെന്നും സമിതി ഉന്നതവിദ്യാഭ്യാസ വകുപ്പിനോട് നിർദ്ദേശിച്ചു

കേരള സർവ്വകലാശാല

7. കേരള നിയമസഭയുടെ 1957-ലെ 14-ാം നമ്പർ ആക്റ്റ് പ്രകാരം 1937-ൽ സ്ഥാപിതമായ തിരുവിതാംകൂർ സർവ്വകലാശാല പിന്നീട് കേരള സർവ്വകലാശാല എന്ന് പുനർ നാമകരണം ചെയ്യപ്പെട്ടു. കേരള സർവ്വകലാശാല ആക്റ്റിലെ വകുപ്പ് 49(4) പ്രകാരം വാർഷിക കണക്കുകളും വാർഷിക റിപ്പോർട്ടും ഗവൺമെന്റിൽ ലഭിച്ചു കഴിഞ്ഞാൽ എത്രയും പെട്ടെന്ന് നിയമസഭയിൽ സമർപ്പിക്കണമെന്ന് നിഷ്കർഷിക്കുന്നു. 2012-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) സെക്ഷൻ 48(a) 48(b) എന്നിവ പ്രകാരം ഒരു സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ അടുത്ത സാമ്പത്തിക വർഷം മാർച്ച് 1-നകം സർക്കാരിൽ സമർപ്പിക്കണമെന്നും തുടർന്ന് വരുന്ന നിയമസഭ സമ്മേളനത്തിൽ സമർപ്പിക്കുവാനും വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ കേരള സർവ്വകലാശാലയുടെ 2012-13 മുതലുള്ള വാർഷിക കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും 2018-ലെ തെളിവെടുപ്പ് തീയതി വരെയും സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കിയിരുന്നില്ല എന്നാൽ സമിതിയുടെ 23-10-2018-ലെ തെളിവെടുപ്പിനുശേഷം സർവ്വകലാശാലയുടെ 2017-18 വരെയുള്ള വാർഷിക കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | റിപ്പോർട്ട് | വർഷം | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| 1 | വാർഷിക കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും | 2012-13 | 12-2-2019 |
| 2 | വാർഷിക കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും | 2013-14 | 12-2-2019 |
| 3 | വാർഷിക കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും | 2014-15 | 30-11-2018 |
| 4 | വാർഷിക കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും | 2016-17 | 30-11-2018 |
| 5 | വാർഷിക കണക്കുകൾ | 2017-18 | 20-6-2019 |
| 6 | ഓഡിറ്റ് റിപ്പോർട്ട് | 2017-18 | 29-10-2019 |
| 7 | വാർഷിക റിപ്പോർട്ട് | 2018-19 | 20-6-2019 |

8. സമിതിയുടെ ഇടപെടലുകളെ തുടർന്ന് കേരള സർവ്വകലാശാലയുടെ കുടിശ്ശിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കുന്ന കാര്യത്തിൽ വകുപ്പിന്റെയും ഉദ്യോഗസ്ഥരുടേയും ഭാഗത്തു നിന്നുണ്ടായ സമീപനത്തിൽ സമിതി സംതൃപ്തി രേഖപ്പെടുത്തുന്നു. തുടർന്നുള്ള വർഷങ്ങളിലെ റിപ്പോർട്ടുകൾ കാലതാമസം വരുത്താതെ സഭയിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല

9. മദ്ധ്യകേരള ജനതയുടെ ഉന്നതവിദ്യാഭ്യാസ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനായി 1983 ഒക്ടോബർ 2-ന് മഹാത്മാഗാന്ധി സർവ്വകലാശാല നിലവിൽ വന്നു. കേരള നിയമസഭയുടെ 1985-ലെ 12-ാം നമ്പർ ആക്ടിലെ 50, 51 എന്നീ വകുപ്പുകൾ പ്രകാരം സർവ്വകലാശാലയുടെ വാർഷിക കണക്കുകളും വാർഷിക റിപ്പോർട്ടും ഗവൺമെന്റിൽ ലഭിച്ചാലുടൻ നിയമസഭയിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ സർവ്വകലാശാലയുടെ 2014-15 വരെയുള്ള റിപ്പോർട്ടുകൾ മാത്രമേ 23-10-2018 വരെ സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കിയിരുന്നുള്ളൂ. സർവ്വകലാശാലയുടെ ഈ നടപടിയെ തെളിവെടുപ്പ് വേളയിൽ സമിതി നിശിതമായി വിമർശിക്കുകയും 2015-16 മുതലുള്ള കുടിശ്ശിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിനായി അടിയന്തരമായി ലഭ്യമാക്കണമെന്ന് അധികൃതരോട് ആവശ്യപ്പെടുകയും ചെയ്തു. അതിൻ പ്രകാരം എം.ജി. സർവ്വകലാശാല ലഭ്യമാക്കിയ റിപ്പോർട്ടിന്റെ സ്ഥിതി വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | റിപ്പോർട്ട് | വർഷം | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| 1 | വാർഷിക കണക്കുകൾ | 2015-16 | 29-10-2019 |
| 2 | വാർഷിക കണക്കുകൾ | 2016-17 | 13-6-2019 |
| 3 | വാർഷിക റിപ്പോർട്ട് | 2016 | 30-1-2018 |
| 4 | വാർഷിക റിപ്പോർട്ട് | 2017 | 12-2-2019 |
| 5 | വാർഷിക റിപ്പോർട്ട് | 2018 | 4-7-2019 |

10. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ തുടർന്നുള്ള വർഷങ്ങളിലെ റിപ്പോർട്ടുകൾ കാലതാമസം കൂടാതെ തന്നെ സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കണമെന്നും റിപ്പോർട്ടുകൾ കുടിശ്ശികയാകുന്ന പ്രവണത അവസാനിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

കോഴിക്കോട് സർവ്വകലാശാല

11. വടക്കൻ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ പരിപോഷണത്തിനായി കേരളത്തിലെ രണ്ടാമത്തെ സർവ്വകലാശാലയായി 1968-ൽ കോഴിക്കോട് സർവ്വകലാശാല നിലവിൽ വന്നു. 1975-ലെ Calicut University Act-ലെ 48, 49 എന്നീ വകുപ്പുകളിൽ സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ടും കണക്കുകളും സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

12. എന്നാൽ 23-10-2018-ലെ തെളിവെടുപ്പ് യോഗ തീയതിവരെ സർവ്വകലാശാലയുടെ 2008-09 വരെയുള്ള റിപ്പോർട്ടുകൾ മാത്രമേ സഭയിൽ സമർപ്പിച്ചിരുന്നുള്ളൂ. അതിനുള്ള വിശദീകരണം തെളിവെടുപ്പ് വേളയിൽ ആരാഞ്ഞതിന് 2016-17 വരെയുള്ള സർവ്വകലാശാലയുടെ എല്ലാ റിപ്പോർട്ടുകളും ഡിലേ സ്റ്റേറ്റ്മെന്റും വകുപ്പിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് കോഴിക്കോട് സർവ്വകലാശാല ഫിനാൻസ് ഓഫീസർ സമിതിയെ അറിയിക്കുകയുണ്ടായി.

13. സർവ്വകലാശാലയുടെ 2016-17 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ വകുപ്പിൽ ലഭിച്ചിട്ടുണ്ടെന്നും ഉടൻ തന്നെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കുന്നതാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി യോഗത്തിൽ ഉറപ്പ് നൽകുകയും അത് പ്രകാരം സർവ്വകലാശാലയുടെ 2018 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

14. സർവ്വകലാശാലയുടെ 2009-10 മുതൽ 2015-16 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് സിൻഡിക്കേറ്റിന്റെ ഉപസമിതി പഠിച്ചു കൊണ്ടിരിക്കുകയാണ് എന്ന വകുപ്പിന്റെ ലാഘവ ബുദ്ധിയോടെയുള്ള മറുപടിയിൽ തെളിവെടുപ്പ് വേളയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ഏറ്റവും മുൻഗണന നൽകേണ്ട വിഷയത്തിലാണ് അനാസ്ഥ കാണിക്കുന്നതെന്ന് ചൂണ്ടികാണിക്കുകയും ചെയ്തു.

15. ഇക്കാര്യത്തിൽ യൂണിവേഴ്സിറ്റി ഇടപെട്ട് വിഷയം സിൻഡിക്കേറ്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കണമെന്നും കുടിശ്ശിക റിപ്പോർട്ടുകൾ സമർപ്പിക്കുന്നതോടൊപ്പം റിപ്പോർട്ടുകൾ കാലികമാക്കാനുള്ള നടപടികൂടി എല്ലാ സർവ്വകലാശാലകളും സ്വീകരിക്കേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുകയും

ചെയ്തിരുന്നു. സമിതി നിർദ്ദേശ പ്രകാരം സർവ്വകലാശാലയുടെ 2015-16 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളും 2017-18 വരെയുള്ള വാർഷിക കണക്കുകളും സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | റിപ്പോർട്ടിന്റെ പേര് | വർഷം | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| 1 | ഓഡിറ്റ് റിപ്പോർട്ട് | 2009-10 മുതൽ 2015-16 വരെ | 13-6-2019 |
| 2 | വാർഷിക കണക്കുകൾ | 2015-16 | 12-2-2019 |
| 3 | വാർഷിക കണക്കുകൾ | 2016-17 | 30-11-2018 |
| 4 | വാർഷിക കണക്കുകൾ | 2017-18 | 29-10-2019 |
| 5 | വാർഷിക റിപ്പോർട്ട് | 2017 | 30-11-2018 |
| 6 | വാർഷിക റിപ്പോർട്ട് | 2018 | 13-6-2019 |

16. <u>കോഴിക്കോട് സർവ്വകലാശാല, റിപ്പോർട്ട് സമർപ്പണത്തിൽ ഉദാസീനത കാണിക്കരുതെന്നും വകുപ്പിൽ ലഭ്യമാകുന്ന റിപ്പോർട്ടുകൾ കാലതാമസം കൂടാതെ തന്നെ സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കണമെന്നും തുടർന്നുള്ള വർഷങ്ങളിലെ റിപ്പോർട്ടുകൾ സമയബന്ധിതമായി തന്നെ സഭയിൽ സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

<u>കണ്ണൂർ സർവ്വകലാശാല</u>

17. കേരള നിയമസഭയുടെ 1996-ലെ 22-ാം നമ്പർ ആക്റ്റ് പ്രകാരം കണ്ണൂർ സർവ്വകലാശാല നിലവിൽ വന്നു. 1996-ലെ കണ്ണൂർ യൂണിവേഴ്സിറ്റി ആക്റ്റിലെ 53, 54 എന്നീ വകുപ്പുകൾ പ്രകാരം സർവ്വകലാശാലയുടെ വാർഷിക കണക്കുകളും വാർഷിക റിപ്പോർട്ടുകളും ഗവൺമെന്റിൽ ലഭ്യമായാലുടൻ നിയമസഭയിൽ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു

18. സർവ്വകലാശാലയുടെ 2016-17 മുതലുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

| റിപ്പോർട്ടിന്റെ പേര് | വർഷം | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|
| ഓഡിറ്റ് റിപ്പോർട്ട് | 2016-17 | 30-11-2018 |
| വാർഷിക കണക്കുകൾ | 2017-18 | 30-11-2018 |
| വാർഷിക റിപ്പോർട്ട് | 2017-18 | 30-11-2018 |

19. സർവ്വകലാശാലയുടെ 2017-18-ലെ ഓഡിറ്റ് റിപ്പോർട്ട് അടിയന്തരമായി സഭയിൽ സമർപ്പിക്കണമെന്നും തുടർന്നുള്ള വർഷങ്ങളിലെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിന് കാലതാമസം വരുത്തരുതെന്നും സമിതി ശിപാർശ ചെയ്യുന്നു.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

20. ശാസ്ത്ര സാങ്കേതിക മേഖലയിലെ പഠന ഗവേഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി 1971-ൽ കൊച്ചി ആസ്ഥാനമായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (കുസാറ്റ്) നിലവിൽ വന്നു.

സർവ്വകലാശാലയുടെ 2015-16 വരെയുള്ള വാർഷിക റിപ്പോർട്ടും 2012-13 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടും വാർഷിക കണക്കുകളും സഭയിൽ സമർപ്പിച്ചിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിലെ റിപ്പോർട്ടുകളൊന്നും തന്നെ നാളിതുവരെ സഭയിൽ സമർപ്പിച്ചിട്ടില്ല. കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കാമെന്ന് വകുപ്പും സർവ്വകലാശാലയും തെളിവെടുപ്പ് വേളയിൽ ഉറപ്പ് നൽകിയിരുന്നെങ്കിലും ആയത് പാലിക്കാൻ നാളിതുവരെ കഴിയാതിരുന്ന നടപടിയെ അതീവ ഗുരുതര കൃത്യവിലോപമായി സമിതി വിലയിരുത്തുന്നു.

21. സർവ്വകലാശാലയുടെ 2013-14 മുതലുള്ള വാർഷിക കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും 2016-17 മുതലുള്ള വാർഷിക റിപ്പോർട്ടുകളും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

22. സംസ്കൃതത്തിന്റെ വിവിധ ശാഖകൾ, ഭാരത സംസ്കാരം, ഭാരതീയ ഭാഷകൾ, സാഹിത്യം, കല, ഭാരതീയ തത്വജ്ഞാനം, വിദേശ ഭാഷകൾ, സാമൂഹ്യശാസ്ത്രം എന്നീ മേഖലകളിൽ വിജ്ഞാപനം പകരുകവഴി മെച്ചപ്പെട്ട സാംസ്കാരിക ഉദ്ഗ്രഥനം കൈവരിക്കുക എന്ന ലക്ഷ്യത്തോടെ എറണാകുളം കാലടി ആസ്ഥാനമായി 1993-ൽ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല നിലവിൽ വന്നു.

23. 1994-ലെ Sree Sankaracharya University of Sanskrit Act-ലെ 38(10) വകുപ്പിൽ സർവ്വകലാശാലയുടെ ഓഡിറ്റ് ചെയ്ത കണക്കുകൾ സഭയിൽ സമർപ്പിക്കുന്നതിനെ കുറിച്ച് താഴെ പറയും പ്രകാരം പ്രതിപാദിച്ചിരിക്കുന്നു:

"The Audited accounts of the University shall be got printed and copies thereof together with the Audit report as well as a statement on the action taken by the university on the audit report shall be presented by the Vice Chancellor to the syndicate and the Chancellor and shall be submitted to the Government on or

before the 1st day of March of the succeeding year and on such receipt, the Government shall intermediately, cause the same to be laid on the table of the Legislative Assembly if it is in session, and if it is not in session, in the next session intermediately following such receipt"

വാർഷിക റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനെ കുറിച്ച് 52 (3), (4) എന്നീ വകുപ്പുകളിലാണ് പരാമർശിക്കുന്നത്.

52. (3) "The annual report, after consideration by the Academic Council, shall be forwarded to the Government on or before the 15th day of September of the succeeding year by the Vice Chancellor with such comments as may be deemed necessary.

(4) On receipt of the annual report under sub section (3), the Government shall, immediately cause the same, with such comments and observations as are considered necessary, to be laid on the table of the Legislative Assembly, if it is in session, and if it is not in session, in the next session immediately following such receipt.

24. എന്നാൽ 23-10-2018-ലെ തെളിവെടുപ്പ് തീയതി വരെ സർവ്വകലാശാലയുടെ 2013-14 വരെയുള്ള വാർഷിക റിപ്പോർട്ടും 2011-12 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടും വാർഷിക കണക്കുകളും മാത്രമേ സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കിയിരുന്നുള്ളൂ.

25. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ 2013-14-ന് ശേഷമുള്ള 4 വർഷത്തെ വാർഷിക റിപ്പോർട്ടും 2011-12-ന് ശേഷമുള്ള 6 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടും വാർഷിക കണക്കുകളും സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കാതിരുന്ന വകുപ്പിന്റെയും സർവ്വകലാശാലയുടെയും നടപടിയെ തെളിവെടുപ്പ് വേളയിൽ സമിതിയിൽ നിശിതമായി വിമർശിക്കുകയും കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് വകുപ്പിനോടും സർവ്വകലാശാല ഉദ്യോഗസ്ഥരോടും ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഇതിനെ തുടർന്ന് സർവ്വകലാശാലയുടെ 2015-16 വരെയുള്ള വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും കണക്കുകളും സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കുകയും ചെയ്തു. ടി റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

| റിപ്പോർട്ടിന്റെ പേര് | വർഷം | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|
| വാർഷിക റിപ്പോർട്ട് | 2014-15<br>2015-16 | 30-1-2019 |
| ആഡിറ്റ് റിപ്പോർട്ടും കണക്കുകളും | 2012-13 മുതൽ 2015-16 വരെ | 30-1-2019 |

26. സർവ്വകലാശാലയുടെ 2016-17 മുതൽ കുടിശ്ശികയുള്ള വാർഷിക റിപ്പോർട്ടും, ഓഡിറ്റ് റിപ്പോർട്ടും കണക്കുകളും അടിയന്തരമായി സഭയിൽ സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. സർവ്വകലാശാലയുടെ തുടർന്നുള്ള വർഷങ്ങളിലെ റിപ്പോർട്ടുകൾ സർവ്വകലാശാല ചട്ടം 38(10), 52 (3), (4) എന്നിവ അനുശാസിക്കും പ്രകാരം സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല

28. മലയാള ഭാഷയുടെയും, സാഹിത്യത്തിന്റെയും കേരള സംസ്കാരത്തിന്റെയും കേരള സാഹിത്യത്തിന്റെയും പരിപോഷണത്തിന് വേണ്ട പഠനവും ഗവേഷണവും ഏറ്റെടുക്കുകയെന്ന ലക്ഷ്യത്തോടുകൂടി 2012 നവംബർ ഒന്നിന് തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല നിലവിൽവന്നു. 2013 ഏപ്രിൽ മാസത്തിൽ തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല ആക്ട് നിയമസഭ അംഗീകരിച്ചു. പ്രസ്തുത ആക്ടിലെ 44(4) വകുപ്പിൽ റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിക്കുന്നതിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്.

44 (4) "നിർവാഹക സമിതി, കണക്കുകളുടെ ഒരു പകർപ്പും ഓഡിറ്റ് റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടിന്മേൽ സർവ്വകലാശാല എടുത്തിട്ടുള്ള നടപടികളുടെ ഒരു സ്റ്റേറ്റ്മെന്റോടുകൂടി സർക്കാരിന് സമർപ്പിക്കേണ്ടതും സർക്കാർ അത് സംസ്ഥാന നിയമസഭ മുമ്പാകെ വയ്പ്പിക്കേണ്ടതുമാണ്"

29. താരതമ്യേന പുതുതായി രൂപീകരിക്കപ്പെട്ടതാണെങ്കിലും കുടിശ്ശിക അധികം വരുത്താതെ സർവ്വകലാശാലയുടെ 2015-16-ലെ ഓഡിറ്റ് റിപ്പോർട്ടും 2016-17-ലെ വാർഷിക റിപ്പോർട്ടും സഭയിൽ സമർപ്പിച്ചതിൽ തെളിവെടുപ്പ് വേളയിൽ സമിതി സംതൃപ്തി രേഖപ്പെടുത്തുകയുണ്ടായി. എന്നിരുന്നാലും സർവ്വകലാശാലയുടെ 2016-17 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടും 2017-18 മുതലുള്ള വാർഷിക റിപ്പോർട്ടും കുടിശ്ശികയാണെന്ന് സമിതി മനസ്സിലാക്കുന്നു.

30. ആയതിനാൽ സർവ്വകലാശാലയുടെ 2016-17 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടും 2017-18 മുതലുള്ള വാർഷിക റിപ്പോർട്ടും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്നും റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ കുടിശ്ശിക വരുത്തുന്നത് ഒഴിവാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

31. സർവ്വകലാശാലയുടെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

| റിപ്പോർട്ടിന്റെ പേര് | വർഷം | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|
| വാർഷിക റിപ്പോർട്ട് | 2016-17 | 23-8-2017 |
| ആഡിറ്റ് റിപ്പോർട്ട് | 2015-16 | 4-4-2018 |

എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല

32. സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട നയരൂപീകരണത്തിനും സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ ആസൂത്രണത്തിനും നേതൃത്വം നൽകുകയെന്ന ലക്ഷ്യത്തോടെ എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (തുടക്കത്തിൽ കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി) 2014 മേയ് 21-ന് നിലവിൽ വന്നു. 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്ടിലെ 53(6), (7), 54(1), (2), എന്നീ വകുപ്പുകളിൽ റിപ്പോർട്ട് സമർപ്പണത്തെക്കുറിച്ച് താഴെ പറയും പ്രകാരം പ്രതിപാദിക്കുന്നു:

വാർഷിക കണക്കുകളും ഓഡിറ്റും:—53(6) "നിർവ്വാഹക സമിതി, വാർഷിക കണക്കുകൾ അവയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ടോടുകൂടി പ്രസിദ്ധപ്പെടുത്തേണ്ടതും അങ്ങനെയുള്ള കണക്കുകളുടെയും ഓഡിറ്റ് റിപ്പോർട്ടിന്റെയും പകർപ്പുകൾ ബോർഡ് ഓഫ് ഗവർണേഴ്സിന്റെ മുമ്പാകെ വയ്ക്കുകയും, ബോർഡ് ഓഫ് ഗവർണേഴ്സിന്റെ അംഗീകാരം ലഭിച്ചശേഷം അത് തുടർന്നുവരുന്ന വർഷം മാർച്ച് 1-ാം തീയതിയോ അതിനുമുമ്പോ സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്."

53(7) "(6)-ാം ഉപവകുപ്പ് പ്രകാരമുള്ള വാർഷിക കണക്കുകൾ ലഭിച്ചാലുടൻ, സർക്കാർ, ആയത്, നിയമസഭ സമ്മേളനത്തിലാണെങ്കിൽ നിയമസഭയുടെ മേശപ്പുറത്ത് വയ്പ്പിക്കേണ്ടതും അത് സമ്മേളനത്തിലല്ലായെങ്കിൽ അപ്രകാരം കണക്കുകൾ ലഭിച്ചതിനുശേഷം തൊട്ടടുത്തുവരുന്ന സമ്മേളനത്തിൽ വയ്പ്പിക്കേണ്ടതുമാണ്."

54(1) "വാർഷിക റിപ്പോർട്ട്.—സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ട് സർവ്വകലാശാല തയ്യാറാക്കേണ്ടതും ബോർഡ് ഓഫ് ഗവർണേഴ്സിന്റെ അംഗീകാരം ലഭിച്ചതിനുശേഷം ആയത് പ്രസിദ്ധീകരിക്കുകയും തുടർന്നുവരുന്ന വർഷം സെപ്റ്റംബർ 15-ാം തീയതിയോ അതിനുമുമ്പോ അത് സർക്കാരിന് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്."

54(2) "(1)-ാം ഉപവകുപ്പ് പ്രകാരമുള്ള വാർഷിക റിപ്പോർട്ട് ലഭിച്ചാലുടൻ, സർക്കാർ, ആയത്, നിയമസഭ സമ്മേളനത്തിലാണെങ്കിൽ നിയമസഭയുടെ മേശപ്പുറത്ത് വയ്പ്പിക്കേണ്ടതും അത് സമ്മേളനത്തിലല്ലായെങ്കിൽ അപ്രകാരമുള്ള വാർഷിക റിപ്പോർട്ട് ലഭിച്ചതിനുശേഷം തൊട്ടടുത്തുവരുന്ന സമ്മേളനത്തിൽ വയ്പ്പിക്കേണ്ടതുമാണ്."

33. എന്നാൽ 2014 മേയ് 21-ന് നിലവിൽ വന്ന എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല നാളിതുവരെ ഒരു റിപ്പോർട്ടുപോലും സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കിയിട്ടില്ല. റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്ന കാര്യത്തിൽ സർവ്വകലാശാല ഗുരുതരമായ അനാസ്ഥ കാണിച്ചിരിക്കുന്നതായി സമിതി വിലയിരുത്തുന്നു.

34. സ്ഥാപനത്തിന്റെ റിപ്പോർട്ടുകൾ ലഭ്യമാക്കുന്ന കാര്യത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പ്രത്യേകം ശ്രദ്ധചെലുത്തണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി നിർദ്ദേശിച്ചിട്ടും നാളിതുവരെ ഒരു റിപ്പോർട്ടുപോലും ലഭ്യമാക്കാതിരുന്ന വകുപ്പിന്റെ ഭാഗത്തു നിന്നുള്ള നിരുത്തരവാദപരമായ സമീപനത്തെ സമിതി അതീവഗൗരവത്തോടെയാണ് കാണുന്നത്.

35. <u>സർവ്വകലാശാലയുടെ 2014-15 മുതൽ 2018-19 വരെയുള്ള റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്നും അതിനായി ഒരു ഷെഡ്യൂൾ തയ്യാറാക്കി സമിതി മുമ്പാകെ സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

<u>നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്</u> **(NUALS)**

36. നിയമത്തെയും നിയമപരമായ പ്രക്രിയകളെയും കുറിച്ചുള്ള പഠനവും അറിവും വികസിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക, സമൂഹത്തോടുള്ള ഉത്തരവാദിത്തബോധം വ്യക്തികളിൽ വളർത്തിയെടുക്കുക, ഇന്ത്യയിലെ നീതിന്യായ വ്യവസ്ഥ ശക്തിപ്പെടുത്തുന്നതിന് നിയമപരവും നീതിന്യായപരവുമായ പരിഷ്കാരങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യത്തോടുകൂടി 2005-ൽ കൊച്ചി ആസ്ഥാനമാക്കി നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് നിലവിൽ വന്നു.

37. നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് ആക്റ്റ് 2005-ലെ 34(3) 35(2) എന്നീ വകുപ്പുകളിൽ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്.

34(3) "The accounts when audited shall be printed by the Executive council and a copy of the accounts together with the audit report shall be submitted to the Chanceller and to the Government"

35(2) "Copies of the annual report along with the resolutions of the General Council shall be submitted to the Chanceller and the Government. The Government shall lay the same before the State Legislature at its session immediately following such receipt"

38. NUALS-ന്റെ 2016-17 വരെയുള്ള വാർഷിക റിപ്പോർട്ടുകളാണ് തെളിവെടുപ്പ് തീയതി വരെ സഭയിൽ സമർപ്പിച്ചിട്ടുള്ളത്. ഓഡിറ്റ് റിപ്പോർട്ടുകളൊന്നും നാളിതുവരെ സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കാത്തതിന് സമിതി വിശദീകരണം ആരാഞ്ഞതിന്, വാർഷിക റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനെക്കുറിച്ച് മാത്രമേ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിന്റെ 2005-ലെ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ളൂ എന്നും ആയതിനാൽ 2017-18 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ വകുപ്പിന് നൽകിയിട്ടുണ്ട് എന്നും ഓഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിന് ആക്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനായി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട് എന്നും സർവ്വകലാശാല രജിസ്ട്രാർ സമിതി മുമ്പാകെ അറിയിക്കുകയുണ്ടായി.

39. സ്ഥാപനത്തിന്റെ ആക്റ്റിൽ നിഷ്കർഷിച്ചിട്ടില്ലെങ്കിലും നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിൽ വാർഷിക റിപ്പോർട്ടും ഓഡിറ്റഡ് അക്കൗണ്ട്സും നിയമസഭയിൽ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ നിയമസഭാ ചട്ട പ്രകാരം ഓഡിറ്റഡ് അക്കൗണ്ട്സും സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിനായി ലഭ്യമാക്കണമെന്ന് സമിതി തെളിവെടുപ്പ് വേളയിൽ നിർദ്ദേശം നൽകുകയുണ്ടായി.

40. അതിൻപ്രകാരം സർവ്വകലാശാലയുടെ 2005-06 മുതൽ 2016-17 വരെയുള്ള ഓഡിറ്റഡ് ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കിയെങ്കിലും കാലതാമസപത്രിക ലഭിച്ചിട്ടില്ലാത്തതിനാൽ സഭയിൽ സമർപ്പിക്കുവാൻ സാധിച്ചിട്ടില്ല

41. <u>ആയതിനാൽ സർവ്വകലാശാലയുടെ 2005-06 മുതൽ 2016-17 വരെയുള്ള ഓഡിറ്റഡ് അക്കൗണ്ട്സിന്മേലുള്ള കാലതാമസപത്രിക അടിയന്തരമായി സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കണമെന്നും തുടർന്നുള്ള വർഷങ്ങളിലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും കാലതാമസമില്ലാതെ തന്നെ സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

42. സർവ്വകലാശാല സഭയിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

| റിപ്പോർട്ടിന്റെ പേര് | വർഷം | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|
| വാർഷിക റിപ്പോർട്ട് | 2017-18 | 30-11-2018 |
| വാർഷിക റിപ്പോർട്ട് | 2018-19 | 29-10-2019 |
| ആഡിറ്റഡ് ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് | 2005-06 മുതൽ 2016-17 വരെ | ഡിലേ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതിനാൽ സഭയിൽ സമർപ്പിച്ചിട്ടില്ല |

## പൊതുശിപാർശകൾ

43. ഉന്നതവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർവ്വകലാശാലകളുടെ വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകളും നിയമസഭയുടെ ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള കാലപരിധിക്കുള്ളിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിൽ കാണിക്കുന്ന തികഞ്ഞ അലംഭാവത്തിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സർവ്വകലാശാലകളിൽ നിന്നും വകുപ്പിന് ലഭിക്കുന്ന റിപ്പോർട്ടുകൾ പോലും കൃത്യസമയത്ത് സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കാറില്ല. റിപ്പോർട്ടുകളും മറ്റ് രേഖകളും സഭയിൽ സമർപ്പിക്കുന്ന കാര്യത്തിൽ ഭരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾക്ക് ആവശ്യമായ നിർദ്ദേശം നൽകണമെന്നും വകുപ്പ് സെക്രട്ടറി ജാഗ്രത പുലർത്തി യഥാസമയം രേഖകൾ സഭയിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ആയത് സംബന്ധിച്ച നടപടി റിപ്പോർട്ട് അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

44. സംസ്ഥാനത്തെ കല്പിത സർവ്വകലാശാലകൾ ഉൾപ്പെടെയുള്ള ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിൽ സർക്കാരിന്റെ സാമ്പത്തിക സഹായം സ്വീകരിക്കുന്ന സ്ഥാപനങ്ങളുടെ വിവരം സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

45. സർവ്വകലാശാലകളുടെ റിപ്പോർട്ട് സമർപ്പണത്തിലുള്ള കുടിശ്ശിക ഒഴിവാക്കുന്നതിനും റിപ്പോർട്ടുകൾ കാലവിളംബം വരുത്താതെ സമർപ്പിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും ഭരണ വകുപ്പ് ഉന്നത ഉദ്യോഗസ്ഥന്റെ ചുമതലയിലുള്ള ഒരു സ്ഥിരം സംവിധാനമുണ്ടാകണമെന്നും ആയത് സംബന്ധിച്ച് സ്വീകരിച്ച നടപടി സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

46. വിവിധ വർഷങ്ങളിലെ വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ അതാത് വർഷം ലഭ്യമാക്കാതിരിക്കുകയും പിന്നീട് അവ ഒരുമിച്ച് സമിതിക്ക് നൽകുകയും അവയ്ക്കെല്ലാം കൂടി ഒരു കാലതാമസ പത്രിക മാത്രം സമർപ്പിക്കുകയും ചെയ്യുന്ന പ്രവണത നിരവധി തവണ മുന്നറിയിപ്പ് നൽകിയിട്ടും വകുപ്പ് തുടർന്ന് വരുന്നതായി സമിതി നിരീക്ഷിക്കുന്നു. റിപ്പോർട്ടുകൾ, എസ്.ആർ.ഒ.കൾ, മറ്റ് രേഖകൾ എന്നിവ നിയമസഭാ ചട്ടത്തിൽ

നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സഭയിൽ സമർപ്പിക്കാതെ എല്ലാം കൂടി ഒരുമിച്ച് ചില പൊതുവായ കാരണം പറഞ്ഞ് ഒരു കാലതാമസപത്രിക മാത്രം സമർപ്പിക്കുന്ന രീതി ഉചിതമല്ല. കാലതാമസത്തിനുള്ള കാരണം പലതാണെന്നിരിക്കെ കുടിശ്ശികയായ ഓരോ വർഷത്തെ റിപ്പോർട്ടിനും, എസ്.ആർ.ഒ./വിജ്ഞാപനങ്ങൾക്കും പ്രത്യേകം പ്രത്യേകം കാലതാമസപത്രിക ലഭ്യമാക്കുന്നതിന് വകുപ്പ് കർശന നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

47. സ്ഥാപനങ്ങളുടെ മാർച്ച് 31-ാം തീയതി അവസാനിക്കുന്ന സാമ്പത്തിക വർഷത്തെ വാർഷിക/ഓഡിറ്റ് റിപ്പോർട്ട് അതത് വർഷം ഡിസംബർ 31-നകം സമർപ്പിക്കണമെന്നാണ് നിയമസഭാ ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത്. റിപ്പോർട്ട് സമർപ്പണത്തിനുള്ള കാലപരിധി ഏകീകരിക്കുന്നതിന്റെ ആവശ്യകത മുൻ സമിതിയും ശിപാർശ ചെയ്തിട്ടുള്ളതാണ്. ആയതിനാൽ സർവ്വകലാശാലകളുടെ റിപ്പോർട്ടുകൾ അതാതുവർഷം ഡിസംബർ 31-നകം സഭയിൽ സമർപ്പിക്കത്തക്ക വിധം സർവ്വകലാശാലകളുടെ ചട്ടത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

48. കാലതാമസമുണ്ടായിട്ടുണ്ടെന്നറിഞ്ഞിട്ടും കാലതാമസപത്രിക ഇല്ലാതെതന്നെ റിപ്പോർട്ട്, വിജ്ഞാപനങ്ങൾ എന്നിവ സമിതിക്ക് നൽകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ കുടിശ്ശികയായ റിപ്പോർട്ടുകൾ/വിജ്ഞാപനങ്ങൾ എന്നിവയ്ക്കൊപ്പം തന്നെ കാലതാമസപത്രികകൂടി ലഭ്യമാക്കാൻ ജാഗ്രത പുലർത്തണമെന്നും കുടിശ്ശിക റിപ്പോർട്ട് കൾക്കൊപ്പം ലഭ്യമാക്കുന്ന കാലതാമസപത്രിക ധനകാര്യ വകുപ്പിന്റെ 21-12-2013-ലെ 105/13/ധന. നമ്പർ സർക്കുലർ പ്രകാരമുള്ള നിർദ്ദിഷ്ട മാതൃകയിലായിരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

49. ഒരു സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടും ഓഡിറ്റഡ് അക്കൗണ്ട്സും സാമ്പത്തികവർഷം അവസാനിച്ച് 9 മാസത്തിനുള്ളിൽ നിയമസഭയിൽ സമർപ്പിക്കണമെന്ന് നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ വ്യവസ്ഥയുള്ളതിനാൽ പ്രസ്തുത വിഷയം സ്ഥാപനത്തിന്റെ ആക്ടിൽ നിഷ്കർഷിച്ചിട്ടില്ലെങ്കിലും നിയമസഭാ ചട്ടപ്രകാരം ഓഡിറ്റഡ് അക്കൗണ്ട്സ്, വാർഷിക റിപ്പോർട്ട് എന്നിവ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

50. കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമിതി (2019-2021)യുടെ മൂന്നാമത് റിപ്പോർട്ടിലെ നിർദ്ദേശങ്ങളും ശിപാർശകളും നടപ്പിൽ വരുത്തി രേഖകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് വകുപ്പ് സെക്രട്ടറിമാർ നിർദ്ദേശം നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

മോൻസ് ജോസഫ്,

*അദ്ധ്യക്ഷൻ,*

*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2019 നവംബർ 18.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.